# കത്തുകൾ

## കേരള ജൈവകർഷക സമിതി ചരിത്രം മാറ്റിയെഴുതുന്നു

1999 ഏപ്രിൽ മാസത്തെ കേരളീയത്തിലെ ശ്രീ ടോമി എഴുതിയ ലേഖനം ചരിത്രത്തെ മാറ്റിയെഴുതാനുള്ള ശ്രമമാണ്. ജൈവകർഷക സമിതി ആരംഭിച്ചത് 1927-ൽ അല്ല. 1992 ഡിസംബർ മാസം നാലാം തിയതിയാണ് കാലടിയിൽവച്ച് ശ്രീ തോമസ് വിവരിക്കുന്ന സംഭവം നടന്നത്. ആ യോഗം വിളിച്ചുകൂട്ടിയത് ദിവംഗതനായ വർമാജി അല്ല. അദ്ദേഹം അതിന്റെ ഉദ്ഘാടകൻ മാത്രമായിരുന്നു. വിളിച്ചുകൂട്ടിയ ഞാൻ അധ്യക്ഷനായിരുന്ന 'ഒരു ജീവൻ ഒരേ ഭൂമി' എന്ന സംഘടനയായിരുന്നു. കൂട്ടത്തിൽ കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രകൃതി സാഹോദര്യവും കാലടിയിലെ ഹെൽത്ത് പ്രൊമോഷൻ ക്ലബ്ബുമുണ്ടായിരുന്നു.

(പരിപാടിയുടെ അറിയിപ്പ് ആൻഖ് മാസിക 1992 ഒക്ടോബർ ലക്കം 30-ാം പേജിൽ കാണുക. അതിന്റെ റിപ്പോർട്ട് '93 ജനുവരി-ഫെബ്രുവരി ലക്കം 27-ാം പേജിൽ കാണാം). ഞാൻ ഒരേ ഭൂമി ഒരേ ജീവൻ വിട്ടുപോരുന്നതിനു മുമ്പുവരെ ഞാനി പരിപാടിയിൽ സജീവനേതൃത്വം നല്കുമായിരുന്നു. അത് 1972 മുതൽ ഞാൻ നടത്തിവന്നിരുന്ന പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയുടെ ഭാഗവും തുടർച്ചയുമായിരുന്നുതാനും. ചരിത്രം മറച്ചുപിടിക്കാനും മാറ്റിയെടുക്കാനുമുള്ള ശ്രീ ടോണി തോമസിന്റെ ശ്രമം അപലപനീയമാണ് എന്നറിയിക്കട്ടെ.

-പ്രൊഫ. ജോൺ സി. ജേക്കബ്

കേരള ജൈവകർഷക സമിതിയെപ്പറ്റി സെക്രട്ടറി ടോണി തോമസ് എഴുതിയ ലേഖനം കണ്ടു. അതിൽ അറിയാതെ പറ്റിപ്പോയ ഒരു പോരായ്മ നികത്താനാണ് ഈ കത്ത്.

സി.ആർ.ആർ. വർമയുടെയും സഹപ്രവർത്തകരുടെയും മനസിലുദിച്ച ആശയമാണ് ജൈവകർഷക സമിതി എന്നത് ടോണിക്ക് പറ്റിയ പിശകാണ്. കാലടി പ്രകൃതി ജീവന സമിതിയുടെയും നേച്ചർ ഫ്രറ്റേർണിറ്റിയുടെയും സഹായ സഹകരണംകൊണ്ട് 1992 ഡിസംബർ നാലിന് കാലടി നാസ് ഓഡിറ്റോറിയത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് 45 ഓളം പേർ കൂടിച്ചേർന്നു. കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ തുടക്കക്കാരനായ പ്രഫ. ജോൺ സി. ജേക്കബ്ബും പ്രകൃതിജീവനാചാര്യനായ വർമാജിയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ പി.എം. ഉണ്ണികൃഷ്ണൻ ഐ.പി.എസും സി.പി. ശ്രീധരൻ മാഷും ആയിരുന്നു മുഖ്യപ്രതിനിധികൾ. വിഷമില്ലാത്ത പോഷക സമ്പുഷ്ടമായ ഭക്ഷണം ഉണ്ടാവണമെന്നായിരുന്നു വർമാജിയുടെ ആവശ്യം. കൃഷിയിൽ രാസവള കീടനാശിനി പ്രയോഗം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്നതായിരുന്നു ജോൺസി സാറിന്റെ ആവശ്യം. കൃഷിയിൽ കാട് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലായിരുന്നു ഉണ്ണികൃഷ്ണൻ സാറ്. ഇതിനൊക്കെകൂടെ ഒരു പരിഹാരം കണ്ടെത്താനായാണ് ജൈവകർഷക സമിതിക്ക് രൂപം കൊടുത്തത്. പ്രധാനമായും ജോൺസി സാറിന്റെ മനസിലുദിച്ച ആശയമായിരുന്നു ഇതെന്നതിനാൽ, മറിച്ചൊരു പരാമർശം വന്നത് തിരുത്തണമെന്ന് അറിയിക്കാനാണ് ഈ കുറിപ്പ്.

എന്ന്

കെ.വി.ദയാൽ, മുഹമ്മ



## പല്ലുതേപ്പ്

പല്ലുതേപ്പിനെക്കുറിച്ചുള്ള പത്രാധിപക്കുറിപ്പ് വായിച്ചിഷ്ടപ്പെട്ടു. മനുഷ്യരുമായി സമ്പർക്കം പുലർത്തുകയും പാചകം ചെയ്ത ഭക്ഷണം ശീലിക്കുകയും ചെയ്തുവരുന്നതായ ഒരുവക ശുനകന്മാർ, മാർജാരന്മാർ തുടങ്ങിയ ഏഭ്യന്മാർ ഈയിടെയായി കലശലായ പല്ലുതേപ്പു തുടങ്ങിയതായി അറിയുന്നു. സ്നാനം, ശൗചം തുടങ്ങിയ പ്രകൃതിവിരുദ്ധ ഏർപ്പാടുകളും താമസംവിനാ നിർത്തലാക്കാനുള്ള വിദ്യകൾ തുടർന്നുള്ള ലക്കങ്ങളിൽ പ്രതീക്ഷിക്കുന്നു.

-റഫീക്ക് അഹമ്മദ്.